Draft #5 of File 145359/AC A3-1/2023/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 07-Mar-2024 12:31 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

കാഴ്ച പരിമിതിയുള്ള വിദ്യാർത്ഥികൾക്ക്, ഇന്റേർണൽ അസ്സെസ്സ്മെന്റിന്റെ ഭാഗമായുള്ള അസൈൻ മെന്റുകൾ വൈവ രൂപത്തിലോ അവർക്ക് സഹായകരമായ സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെയോ സമർപ്പിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 2131/AC A 3/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.03.2024

---

*പരാമർശം:*-1.16.11.2023 തീയതിയിൽ യു സി കോളേജ്, ആലുവയിലെ യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലേർസ് ആയ ശ്രീ. ആസിഫ് മുഹമ്മദ് എൻ, ശ്രീ. അനന്തകൃഷ്ണൻ ടി യു എന്നിവർ സമർപ്പിച്ച അപേക്ഷ.

2. 30.01.2024 -ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 46/145359/AC A3-1/2023/REG-SECT

**<u>ഉത്തരവ്</u>**

കാഴ്ച പരിമിതിയുള്ള വിദ്യാർത്ഥികൾക്ക്, ഇന്റേർണൽ അസ്സസ്മെന്റിന്റെ ഭാഗമായി അസൈൻമെന്റുകൾ എഴുതി സമർപ്പിക്കുന്ന രീതി വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്നും, അതിനായി അവർ മറ്റ് വിദ്യാർത്ഥികളെ ആശ്രയിക്കേണ്ട അവസ്ഥയാണെന്നും, ആയതിനാൽ അസൈൻമെന്റുകൾ എഴുതി നൽകുന്ന രീതിക്ക് പകരം, ആയത് വൈവ രൂപത്തിലോ അവർക്ക് സഹായകരമായ സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെയോ സമർപ്പിക്കുന്നതിനുള്ള അവസരമൊരുക്കി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് യു സി കോളേജ്, ആലുവയിലെ യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലേർസ് ആയ ശ്രീ. ആസിഫ് മുഹമ്മദ് എൻ, ശ്രീ. അനന്തകൃഷ്ണൻ ടി യു എന്നിവർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

അസൈൻമെന്റ് എഴുതി സമർപ്പിക്കുന്നത് ഇന്റേർണൽ മാർക്ക് ലഭിക്കുന്നതിന് ഒരു പ്രധാന ഘടകമാണെന്നിരിക്കെ, കാഴ്ച പരിമിതിയുള്ള വിദ്യാർത്ഥികൾക്ക്, അസൈൻമെന്റുകൾ എഴുതി സമർപ്പിക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, പ്രസ്തുത വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ വൈസ് ചാൻസലർ ഉത്തരവാകുകയും, 30.01.2024 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗം പരാമർശം (2) പ്രകാരം, കാഴ്ച പരിമിതിയുള്ള വിദ്യാർത്ഥികൾക്ക്, ഇന്റേർണൽ അസ്സെസ്സ്മെന്റിന്റെ ഭാഗമായി അസൈൻമെന്റുകൾ എഴുതി സമർപ്പിക്കുന്ന രീതിയിലുള്ള പ്രായോഗിക വൈഷമ്യങ്ങൾ കണക്കിലെടുത്ത്, ആയത് വൈവ

രൂപത്തിലോ അവർക്ക് സഹായകരമായ സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെയോ സമർപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷാജി കെ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ /പരീക്ഷാ കോൺട്രോളർ എന്നിവരുടെ പി എ മാർ
3. ഗവണ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി , ഉന്നത വിദ്യാഭ്യാസ(ഇ)വകുപ്പ്
4. ജെ ആർ II /ഡി ആർ II / എ ആർ III (അക്കാദമിക് /പരീക്ഷ )
5. വിവിധ സെക്ഷനുകൾ പരീക്ഷ/അക്കാദമിക്
6. ശ്രീ. ആസിഫ് മുഹമ്മദ് എൻ, ശ്രീ. അനന്തകൃഷ്ണൻ ടി യു, യു സി കോളേജ് , ആലുവ
7. ACC 2/Ac A1/Ac B7
8. ഡിപ്പാർട്മെന്റുകൾ/ സ്കൂൾസ്/ സെന്ററുകൾ
9. IQAC/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
10 . സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 145359/AC A3-1/2023/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 07-Mar-2024 12:31 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം